ഉത്തരം

(എ&ബി) പെരുമ്പിലാവ് നിലമ്പൂർ റോഡ് സ്റ്റേറ്റ് ഹൈവേയാണ്. ഈ റോഡ് ലോക ബാങ്ക് സഹായത്തോടെ അഭിവൃദ്ധിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

നല്ലളം പഞ്ചായത്തിലെ ചെറുവണ്ണൂർ ജംഗ്ഷനിലെ റോഡ് വീതി കൂട്ടാൻ നടപടി

58 (1368) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ നല്ലളം പഞ്ചായത്തിലെ ചെറുവണ്ണൂർ ജംഗ്ഷനിലെ ഗതാഗതക്കുരുക്കും അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ;

(സി) കൊളത്തറ ഭാഗത്തേക്കുള്ള റോഡ് വീതി വർദ്ധിപ്പിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ലഭ്യമായ സ്ഥലം പരമാവധി ഉപയോഗിച്ച് വീതി കൂട്ടുന്നതിന് വേണ്ടി ഉപരിതലഗതാഗത വകുപ്പിന്റെ അനുമതിക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്.

നാഷണൽ ഹൈവേയ്ക്ക് അംഗീകാരം

59 (1369) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര മുതൽ തേനി വരെയുള്ള നിർദ്ദിഷ്ട നാഷണൽ ഹൈവേയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് മുതൽ ;

(സി) എം.സി. റോഡിൽ (കൊട്ടാരക്കര മുതൽ കോട്ടയം വരെ) തുടങ്ങി കെ.കെ. റോഡിൽ (കോട്ടയം-കുമളി) കൂടിത്തന്നെയാണോ നിർദ്ദിഷ്ട പാത കടന്നുപോകുന്നത് എന്നറിയിക്കാമോ ;

(ഡി) മേൽപ്പറഞ്ഞ പാതയ്ക്ക് മാറ്റം വരുത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ എവിടെ നിന്ന് തുടങ്ങി എവിടെ അവസാനിക്കുന്നു എന്നറിയിക്കാമോ ;

(എഫ്) പാതയുടെ പണി തുടങ്ങിയിട്ടുണ്ടോ ;

(ജി) നിർദ്ദിഷ്ട പാത വീതികൂട്ടിയാണോ അതോ നിലവിൽ ഉള്ളതു പോലെയാണോ പണി നടത്തുന്നത് വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) ഇതിനായി എത്ര തുക ഇതുവരെ അനുവദിച്ചു ;

(ഐ) പണി എന്ന് തീരുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ 18-10-2000-ലെ 14012/5/2000/പി. എൽ. പ്രകാരം എൻ.എച്ച് 220 ദേശീയപാതയായി അംഗീകരിച്ചിട്ടുണ്ട്.

(സി-ഇ) കൊട്ടാരക്കര മുതൽ തേനി വരെയുള്ള നാഷണൽ ഹൈവേയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്തിട്ടില്ല.

(എഫ്&ജി) ഇപ്പോൾ നിലവിലുള്ള വീതിയിൽ കോട്ടയം മുതൽ കുമളി വരെയുള്ള കെ.കെ.റോഡിന്റെ പ്രതല പുനരുദ്ധാരണ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(എച്ച്) 1003.33 ലക്ഷം രൂപ.

(ഐ) ഇപ്പോൾ നടന്നുവരുന്ന പണികൾ ആറ് മാസത്തിനകം പൂർത്തിയാകുന്നതാണ്. എൻ.എച്ച് 220-ന്റെ ഫൈനൽ അലൈൻമെന്റ് തീരുമാനമായതിനുശേഷമേ പദ്ധതിയുടെ പൂർത്തീകരണ കാലാവധി തീരുമാനിക്കാൻ കഴിയൂ.

ആലപ്പുഴ എൻ.എച്ച്. ഡിവിഷൻ നിർത്തലാക്കുന്നതിനെതിരെ സമർപ്പിച്ച നിവേദനം

60 (1370) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നാഷണൽ ഹൈവേ ഡിവിഷൻ നിർത്തലാക്കുന്നതിന് എന്തെങ്കിലും നീക്കം ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഡിവിഷൻ നിർത്തലാക്കുന്നതിനെതിരെ ആലപ്പുഴ എം.എൽ.എ. സമർപ്പിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നാഷണൽ ഹൈവേ ഡിവിഷൻ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly